**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2352** **05-02-2026 - ൽ മറുപടിയ്ക്ക്**

**കാട്ടാക്കട കൊല്ലാട് വാർഡിൽ കോസ്റ്റ് ഫോർഡ് മുഖാന്തരം നിർമ്മിക്കുന്ന 'ഒപ്പം' വനിതാ മന്ദിരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഐ. ബി. സതീഷ്** | | **ശ്രീ. എം.ബി. രാജേഷ്**<br>**(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | കാട്ടാക്കട മണ്ഡലത്തിലെ കൊല്ലാട് വാർഡിൽ കോസ്റ്റ് ഫോർഡ് മുഖാന്തരം നിർമ്മിക്കുന്ന 'ഒപ്പം' വനിതാ മന്ദിരത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (എ) | MLA -ADS പദ്ധതിയ്ക്ക് കീഴിൽ ഭരണാനുമതി ലഭിച്ച കാട്ടാക്കട മണ്ഡലത്തിലെ കൊല്ലാട് വാർഡിൽ കോസ്ററ് ഫോർഡ് മുഖാന്തരം നിർമ്മിക്കുന്ന 'ഒപ്പം' വനിതാ മന്ദിരത്തിന്റെ റൂഫ് സ്ലാബ് വരെയുള്ള നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) | മേൽപ്പറഞ്ഞ പ്രവൃത്തിയുടെ രണ്ടാംഘട്ട ബിൽ അനുവദിക്കുന്നതിനുണ്ടായ കാലതാമസത്തിന്റെ കാരണം വിശദമാക്കാമോ; | (ബി) | പ്രസ്തുത പ്രവൃത്തിയുടെ CC 2nd & Part ബില്ലും അനുബന്ധ രേഖകളും വെള്ളനാട് ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറുടെ ആമുഖ കത്ത് സഹിതം ജില്ലാ പഞ്ചായത്ത് കാര്യാലയത്തിൽ നിന്നും ലഭ്യമായിരുന്നു . പ്രസ്തുത ബിൽ പാസ്സാക്കി 27.09.2025 തീയതിയിൽ തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ ഡറക്ടറേറ്റ് കാര്യാലയത്തിൽ അലോട്ട്മെന്റിനായി ലഭ്യമാക്കിയിട്ടുണ്ട് . 31.08.2025 തീയതി വരെ തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടറേറ്റ് കാര്യാലയത്തിൽ ലഭ്യമായ ബില്ലുകൾക്കാണ് നാളിതുവരെ തുക അനുവദിച്ചിട്ടുള്ളത്. 1/9/2025 ന് ശേഷം ലഭ്യമായ MLA -ADS ബില്ലുകളുടെ തുക നൽകുന്നതിനാവശ്യമായ ഫണ്ട് ലഭ്യമാക്കുന്നതിന് ധനകാര്യ വകുപ്പിൽ സമർപ്പിച്ചിട്ടുള്ള ടി അപേക്ഷ അനുവദിയ്ക്കുന്ന മുറയ്ക്ക് പ്രവൃത്തിയുടെ CC 2nd & Part ബിൽ തുകയും അനുവദിക്കുന്നതാണ്. |
| (സി) | പ്രസ്തുത പദ്ധതിയുടെ രണ്ടാം ഘട്ടത്തിന് സാങ്കേതിക അനുമതി ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ; | (സി) | പ്രസ്തുത പ്രവൃത്തിയുടെ രണ്ടാം ഘട്ടത്തിന് സാങ്കേതിക അനുമതിക്കായി കോസ്ററ് ഫോർഡ് പുതുക്കിയ എസ്റ്റിമേറ്റ് ലഭ്യമാക്കുന്ന മുറയ്ക്ക് സാങ്കേതികാനുമതി നൽകി പ്രസ്തുത പദ്ധതി പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ഡി) | പ്രസ്തുത പദ്ധതി പൂർത്തീകരിക്കുന്നതിനായി അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ? | (ഡി) | പ്രസ്തുത പ്രവൃത്തിയുടെ രണ്ടാം ഘട്ടത്തിന് സാങ്കേതിക അനുമതിക്കായി കോസ്ററ് ഫോർഡ് പുതുക്കിയ എസ്റ്റിമേറ്റ് ലഭ്യമാക്കുന്ന മുറയ്ക്ക് സാങ്കേതികാനുമതി |

| | | | |
|---|---|---|---|
| | | | നൽകി പ്രസ്തുത പദ്ധതി പൂർത്തീകരിക്കാൻ കഴിയുമന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ